(ഡി) 2005 ആഗസ്റ്റ് മാസത്തേയും 2006 ജനുവരി മാസത്തേയും നിത്യോപയോഗ സാധനങ്ങളുടെ ശരാശരി വിലനിലവാരം കാണിക്കുന്ന സ്റ്റേറ്റ്മെന്റിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട് †.

റേഷൻ കടകൾ വഴി പ്രൊവിഷൻ സാധനങ്ങൾ വിൽക്കുന്ന സംവിധാനം

140 [453] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

" ലൂഡി ലൂയിസ്:

" എ. കെ. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി സദയം മറുപടി അരുമോ :

(എ) റേഷൻ കടകൾവഴി പ്രൊവിഷൻ സാധനങ്ങൾ വിൽക്കുന്ന സംവിധാനം ആരംഭിച്ചുവോ;

(ബി) എങ്കിൽ എന്തെല്ലാം സാധനങ്ങളാണ് റേഷൻ കടകൾവഴി വിൽക്കുന്നതെന്ന് അറിയിക്കാമോ;

(സി) റേഷൻ കടകൾ വഴി വിൽക്കുന്ന സാധനങ്ങൾക്കും മാവേലി സ്റ്റോറുകൾ വഴി വിൽക്കുന്ന സാധനങ്ങൾക്കും ഒരേ വിലയാണോ നിശ്ചയിച്ചിട്ടുള്ളത്;

(ഡി) എത്ര റേഷൻ കടകൾവഴിയാണ് ഈ സാധനങ്ങൾ വിറ്റുവരുന്നത്;

(ഇ) കൂടുതൽ റേഷൻ കടകൾ മുഖേന ഇവ വിൽക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) റേഷൻ കടകളെ "സപ്ലൈകോ ശബരിസ്റ്റാർ" ആയി തിരഞ്ഞെടുത്ത് പ്രൊവിഷൻ സാധനങ്ങൾ വിൽക്കുന്ന ഒരു പദ്ധതി സപ്ലൈകോ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സ്റ്റോറുകൾവഴി മാവേലി സാധനങ്ങൾ, സപ്ലൈകോ ശബരി ബ്രാന്റ് ഉൽപ്പന്നങ്ങൾ, മറ്റ് വേഗത്തിൽ വിറ്റഴിക്കപ്പെടുന്ന നോൺ മാവേലി സാധനങ്ങൾ എന്നിവ വിതരണം ചെയ്തുവരുന്നു.

(സി) തിരഞ്ഞെടുത്ത ശബരി സ്റ്റോറുകളിലൂടെ മാവേലി സ്റ്റോറിലെ വിലയ്ക്ക് തന്നെയാണ് സാധനങ്ങൾ വിതരണം ചെയ്യുന്നത്.

(ഡി) ഇതിനോടകം കേരളത്തിലെ വിവിധ സ്ഥലങ്ങളിലായി 196 ശബരി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(ഇ) കൂടുതൽ റേഷൻ കടകളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു.

അന്ത്യോദയ അന്നയോജന പദ്ധതിയിലെ ഗുണഭോക്താക്കൾ

141 [454] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി സദയം മറുപടി അരുമോ :

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly